No. CEE/2600/PG Homoeo/2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2020-21

1. തിരുവനന്തപുരത്തും, കോഴിക്കോടുമുള്ള സർക്കാർ ഹോമിയോ മെഡിക്കൽ കോളേജുകളിൽ 2020-21 വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് AIAPGET-2020 യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.
2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**
   (I) **നേറ്റിവിറ്റി :** അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.
   (II) അപേക്ഷകൻ AIAPGET-2020 യോഗ്യതയോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് 5.1 പ്രകാരമുള്ള യോഗ്യതകളും നേടിയിരിക്കണം.
   (III) **വിദ്യാഭ്യാസ യോഗ്യതകൾ:** ബി.എച്ച്.എം.എസ്. (ഡയറക്ട്/ഗ്രേഡഡ്) അഥവാ കേന്ദ്ര ഹോമിയോ കൗൺസിൽ തത്തുല്യമായി അംഗീകരിച്ച ബിരുദം. പ്രവേശനം നേടുന്ന തീയതിയ്ക്കുള്ളിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദ ഹോമിയോ 2020 കോഴ്സിന് അപേക്ഷിക്കാവുന്നതാണ്.(*പ്രോസ്പെക്ടസ് ക്ലോസ് 4.a കാണുക*)
   (IV) **വയസ്സ്:** ജനറൽ വിഭാഗം അപേക്ഷകർക്ക് 01.01.2020 ൽ 45 വയസ്സ് കവിയരുത്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്കും പരമാവധി 5 വർഷത്തെ വയസ്സിളവ് അനുവദിക്കുന്നതാണ്.
3. **യോഗ്യതാ മാനദണ്ഡം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷകരും ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (AIIA) നടത്തിയ പരീക്ഷയായ AIAPGET-2020–ൽ യോഗ്യത നേടുകയും പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും വേണം.
4. **പ്രവേശന രീതി :** ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (AIIA) നടത്തിയ AIAPGET-2020 പ്രവേശന പരീക്ഷയിൽ ജനറൽ വിഭാഗക്കാർ 50 പെർസന്റയിലും എസ്.സി/എസ്.റ്റി/എസ്.സി.ബി.സി വിഭാഗക്കാർ 40 പെർസന്റയിലും ശാരീരിക വൈകല്യമുള്ള ജനറൽ വിഭാഗക്കാർ 45 പെർസന്റയിലും ശാരീരിക വൈകല്യമുള്ള എസ്.സി/എസ്.റ്റി/എസ്.സി.ബി.സി വിഭാഗക്കാർ 40 പെർസന്റയിലും മാർക്ക് നേടിയിരിക്കണം.
5. **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട വിധം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും **www.cee.kerala.gov.in** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖാന്തിരം **ഓൺലൈനായി 30.12.2020 മുതൽ 03.01.2021 വൈകുന്നേരം 3.00 മണി വരെ** അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. AIAPGET-2020-ൽ യോഗ്യത നേടിയ അപേക്ഷകർ (സർവ്വീസ് ക്വാട്ടയിലേയ്ക്ക് അപേക്ഷിക്കുന്നവർ ഉൾപ്പെടെ) ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ നിശ്ചിത ഫീസ് ഓൺലൈൻ പേയ്മെന്റായോ, ഇ–ചെലാൻ മുഖേനയോ അടയക്കേണ്ടതാണ്. ഇ–ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ–ചെലാൻ ഉപയോഗിച്ച് പണമായി കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റാഫീസ്/സബ് പോസ്റ്റാഫീസിൽ അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ ഫോട്ടോ, ഒപ്പ് , സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്.

   സർവ്വീസ് ക്വാട്ടയിലേയ്ക്ക് അപേക്ഷിക്കുന്നവർ ഓൺലൈൻ അപേക്ഷാ ഫോമിന്റെ പ്രിന്റൗട്ട് എടുത്ത് നിർദ്ദിഷ്ട സ്ഥാനത്ത് ഒപ്പിടുകയും, അപേക്ഷാ ഫോമിൽ മേലധികാരിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) ഉൾപ്പെടെയുള്ള ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ സഹിതം **പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, മണക്കാട് പി.ഒ, തിരുവനന്തപുരം-695009** എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. റൂറൽ സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ ഹോമിയോപ്പതി ഡയറക്ടറിൽ നിന്നും സർവ്വീസ് സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

ജനറൽ വിഭാഗക്കാർ (സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ) **900/– രൂപയും, SC/ST** വിഭാഗക്കാർ **450/-** രൂപയും. ഒടുക്കേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ ഫീസ് റീഫണ്ട് ചെയ്യുന്നതല്ല.

6. **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:** ബിരുദാനന്തര ബിരുദ ഹോമിയോ 2020 കോഴ്സിലേയ്ക്ക് അപേക്ഷിക്കുന്നവർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് 6.3.6 ൽ സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ **03.01.2021 വൈകുന്നേരം 3 മണിയ്ക്ക്** മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിന്റെ കോപ്പി കൈവശം സൂക്ഷിക്കേണ്ടതാണ്.
7. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ പുതുതായി ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല.
8. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**കുറിപ്പ്:** അപേക്ഷയുടെ പ്രിന്റൗട്ട്, സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകൾ എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയക്കേണ്ടതില്ല.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
30.12.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**